പ്രവർത്തനരഹിതമായി കിടക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ശുദ്ധജല വിതരണ പദ്ധതികളും

*495 [527] ശ്രീ. മണിമംഗലത്തു കുട്ട്യാലി:
,, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ:
,, കെ.സി. ജോസഫ്:
,, ബെന്നി ബഹനാൻ:
,, പി.പി. തങ്കച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തിയായിട്ടും വിദ്യുച്ഛക്തി കണക്ഷൻ കിട്ടാതെ പ്രവർത്തനരഹിതമായി കിടക്കുന്ന എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ശുദ്ധജലവിതരണ പദ്ധതികളും ഈ സംസ്ഥാനത്ത് ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അവ ഏതൊക്കെ; ഏത് തീയതികളിലാണ് നിർമ്മാണം പൂർത്തിയാക്കിയത്;

(സി) ഈ പദ്ധതികളുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാൻ ജലസേചനവകുപ്പിൽ നിന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇലക്ട്രിസിറ്റി ബോർഡിൽനിന്നും ജലസേചന വകുപ്പിന് ഇത്തരം പദ്ധതികൾക്ക് കണക്ഷൻ കിട്ടാൻ ആവശ്യമായ സഹകരണം ലഭിക്കുന്നില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) 42 ശുദ്ധജല വിതരണ പദ്ധതികളും, 8 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും കണക്ഷൻ കിട്ടാതെ കിടപ്പുണ്ട്.

(ബി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) സ്വീകരിക്കുന്നതാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: കഴിഞ്ഞ ഡൗട്ട് പീരിയഡിൽ ആരംഭിച്ചതും പിന്നീട് പ്രവർത്തനരഹിതവുമായ പല ശുദ്ധജല വിതരണ പദ്ധതികളുടേയും കണക്കുകളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു അതല്ല, മൊത്തം അറ്റകുറ്റപ്പണികൾ പോലും ചെയ്യാതെ പ്രവർത്തനരഹിതമായി കിടക്കുന്ന എത്ര പദ്ധതികളുണ്ട്. അത് നന്നാക്കാനാവശ്യമായ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ശ്രീ. കെ. എം. മാണി: രണ്ടും രണ്ട് ചോദ്യമാണ്. ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാതെ കിടക്കുന്ന പദ്ധതികളെപ്പറ്റിയാണ് ഇവിടത്തെ ചോദ്യം. വേറെ അറ്റകുറ്റപ്പണികൾ നടത്താതെ കിടക്കുന്ന പദ്ധതികളെ പറ്റിയാണ് ഉപചോദ്യം. അങ്ങനെയുള്ള പദ്ധതികൾ ധാരാളമുണ്ട്. അതിന് യാതൊരു സംശയവുമില്ല. ഗവൺമെന്റ് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

†അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാതെ കുറെ പദ്ധതികൾ മുടങ്ങിക്കിടക്കുന്നെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഇതിന്റെ കാരണമെന്താണെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. എം. മാണി: അതിന് ഓരോന്നിനും കാരണമെന്താണെന്ന് ചോദിച്ചാൽ ഉത്തരം പറയാൻ വളരെ ബുദ്ധിമുട്ടാണ്. പല സാങ്കേതികമായ കാരണങ്ങളാൽ ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടിയിട്ടില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സാങ്കേതികമായ കാരണങ്ങളാൽ ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. സാങ്കേതികമായ കാരണങ്ങളും പറഞ്ഞ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും, ശുദ്ധജല വിതരണ പദ്ധതികൾക്കും വേണ്ടി ലക്ഷക്കണക്കിന് രൂപ സർക്കാരിന്റെ ഫണ്ടിൽനിന്ന് ചെലവാക്കി നാലും അഞ്ചും കൊല്ലം കഴിഞ്ഞിട്ടും കണക്ഷൻ കിട്ടാതെ ചെലവഴിച്ച പണം ഡെബ്റ്റ് ഇൻവെസ്റ്റ്മെൻറായി കിടക്കുകയാണ്. വാസ്തവത്തിൽ ഇത് സർക്കാരിനെ സംബന്ധിച്ചിടത്തോളം വളരെ ഭീമമായ നഷ്ടമുണ്ടാക്കുന്നതാണ്. ഒരുതരത്തിൽ ജനങ്ങളെ സംബന്ധിച്ചിടത്തോളം സാങ്കേതികത്വം പറഞ്ഞിട്ട് കാര്യമില്ല. ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കാൻ ഉടനടി നടപടിയെടുക്കണം. അതിന് നടപടിയെടുക്കാൻ കഴിയുമോ? ഈ പൂർത്തിയാകാത്ത പദ്ധതികൾ എത്രമാസത്തിനുള്ളിൽ പ്രവർത്തനമാരംഭിക്കാൻ കഴിയും?

ശ്രീ. കെ. എം. മാണി: എത്രയുംവേഗം പൂർത്തിയാക്കണമെന്നാണ് ഗവൺമെൻറിന്റെ അഭിലാഷം. എത്രയുംവേഗം കണക്ഷൻ കിട്ടാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: എത്രയും വേഗമെന്ന് പറഞ്ഞാൽ അതിന് കാലാവധിയില്ല. രണ്ടും മൂന്നും നാലും കൊല്ലമായിട്ട് പണി പൂർത്തിയായ പദ്ധതികൾ എത്ര മാസത്തിനുള്ളിൽ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമായ ഉറപ്പ് പറയാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയുമോ?

ശ്രീ. കെ. എം മാണി: ഒരു മാസത്തിനുള്ളിൽ നടപ്പാകുമെങ്കിൽ ഒരു മാസത്തിനകത്തന്നെ നടത്തണമെന്നുള്ളതാണ് ഈ ഗവൺമെൻറിന്റെ അഭിലാഷം.

ശ്രീ. കെ.സി. ജോസഫ്: ഇവിടെ നൽകിയ ഉത്തരവനുസരിച്ച് നിർമ്മാണം പൂർത്തിയായ 42 ശുദ്ധജല പദ്ധതികൾക്കും, 8 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടുമെന്ന് പറഞ്ഞു. വളരെ ഗൗരവതരമായ ഒരു പ്രശ്നമാണിത്. വരൾച്ച വീണ്ടും ഉണ്ടാകാൻ സാദ്ധ്യതയുള്ള ഈ കാലഘട്ടത്തിൽ ദയവായി പണി പൂർത്തിയാക്കിയ ശുദ്ധജല വിതരണപദ്ധതിക്കും, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കും കണക്ഷൻ കിട്ടാനുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: തീർച്ചയായിട്ടും സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. ജോസഫ്: ഇവിടെ 'സി' ക്ക് നൽകിയ ഉത്തരം പദ്ധതികളുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് കണക്ഷൻ നൽകുമെന്നാണ്. പൂർത്തിയായ 42 വാട്ടർ സപ്ലൈ സ്കീമിനും എട്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും കണക്ഷൻ കിട്ടിയിട്ടില്ല. അതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാൻ കഴിയുമോ?

ശ്രീ. കെ.എം. മാണി: അത് ഞാൻ പറഞ്ഞു. പല പല സാങ്കേതിക കാരണങ്ങളാലാണ് കൊടുക്കാൻ സാധിക്കാത്തത് എന്ന്.

ശ്രീ. ബെന്നി ബഹനാൻ: ഗവൺമെൻറിന്റെ ആഗ്രഹവും, അഭിലാഷവും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. പണി പൂർത്തീകരിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് കണക്ഷൻ കിട്ടാതിരിക്കുന്നത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കുവേണ്ടി ഇലക്ട്രിസിറ്റി ബോർഡിൽ കാശ് അടയ്ക്കുന്നില്ലെന്നാണ ഞങ്ങൾക്ക് ഇലക്ട്രിസിറ്റിബോർഡുമായി ബന്ധപ്പെട്ടപ്പോൾ അറിയാൻ കഴിഞ്ഞത്. ഇതിൽ വല്ല പരമാർത്ഥവുമുണ്ടോ? അങ്ങനെയാണെങ്കിൽ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ് കാശ് അടയ്ക്കാൻ തയ്യാറാകുമോ?

ശ്രീ. കെ.എം. മാണി: അത് വെറും തെറ്റിദ്ധാരണയാണ്. കാശ് അടയ്ക്കണമെന്നുള്ള നിബന്ധന ഉണ്ടായത് കഴിഞ്ഞ മാസത്തിലാണ്. 17-10-1986-ൽ മാത്രമാണ് കാശ് അടയ്ക്കണമെന്നുള്ള നിബന്ധന ഉണ്ടായത്. അതിനുശേഷമുള്ളത് വളരെ കുറച്ചുമാത്രമേയുള്ളൂ. ഇതിൽ ബഹുഭൂരിപക്ഷവും അതിന് മുൻപുള്ള അപേക്ഷയാണ്. അതുകൊണ്ട് കാശ് അടയ്ക്കാത്തതുകൊണ്ടല്ല. ഇതിനുമുൻപുണ്ടായിരുന്ന നിബന്ധന ഇതിന് വാട്ടർ അതോറിറ്റി മിനിമം ഗ്യാരൻറി വയ്ക്കണമെന്നുള്ളതായിരുന്നു. മിനിമം ഗ്യാരൻറി വച്ചിട്ടും ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാത്തതാണ് ഞാൻ പറഞ്ഞത്. 17-10-1986-നു ശേഷം ഉള്ളത് മാത്രമേ കാശ് അടയ്ക്കുന്നതുമായി ബന്ധമുള്ള വിഷയമായിട്ടുള്ളൂ.

ശ്രീ. ബെന്നി ബഹനാൻ: ഇവിടെ 42 ശുദ്ധജല വിതരണ പദ്ധതികളും മുടങ്ങിക്കിടക്കുന്നുവെന്ന് പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിലെ മുളന്തുരുത്തിയിലെ ഹരിജൻ കോളനിയിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടിയിട്ട് പദ്ധതി നടപ്പാക്കിയപ്പോൾ കോൺട്രാക്ടർ പണിയുമിട്ടിട്ട് പോയിരിക്കുകയാണ്. അങ്ങനെയുള്ള പണികൾ എത്രയുംവേഗം റീ-ടെൻഡർ ചെയ്ത് നടത്തുന്നതിനുവേണ്ടിയിട്ടുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.എം. മാണി: അത് തീർച്ചയായിട്ടും പരിഗണിക്കാം.

ശ്രീ. പി. പി. തങ്കച്ചൻ: എന്റെ നിയോജകമണ്ഡലത്തിൽ കൂടാലപ്പാട് ലിഫ്റ്റ് ഇറിഗേഷൻ എന്ന് പറയുന്ന ഒരു പദ്ധതി ബഹുമാനപ്പെട്ട മന്ത്രി 5-ാം തീയതി ഉൽഘാടനം ചെയ്യാൻ വച്ചിരിക്കുകയാണ്. ഇന്നലെ ഞാനവിടെ ചെന്നപ്പോൾ കണക്ഷൻ കിട്ടിയിട്ടില്ലെന്ന് അറിയാൻ കഴിഞ്ഞു. ചോദിച്ചപ്പോൾ പറഞ്ഞത് 65,000 രൂപ കോൺട്രിബ്യൂഷൻ അടയ്ക്കണമെന്നാണ്. ഒന്നുകിൽ അങ്ങ് ആ രൂപ അടപ്പിക്കണം, അല്ലെങ്കിൽ അതിന്റെ ഉൽഘാടനം നടത്തണം. അതിന്റെ പണി പൂർത്തിയായിട്ട് ഒരു വർഷക്കാലമായി. അതുകൊണ്ട് അതിനുവേണ്ട നടപടികൾ അടിയന്തിരമായി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: ഏതായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം സജീവമായ പരിഗണനയിലുണ്ട്. പക്ഷേ അടുത്ത കാലത്ത് വലിയ ഒരു നയപരിവർത്തനം വന്ന സ്ഥിതിക്ക് ഇനി എല്ലാത്തിനും സ്വന്തമായി കോൺട്രിബ്യൂഷൻ അടയ്ക്കണമെന്നുണ്ടെങ്കിൽ അതിനാവശ്യമായ സാമ്പത്തിക സ്ഥിതി ഈ വർഷത്തിൽ ഇല്ല. അടുത്ത ബഡ്ജറ്റ് രൂപീകരിക്കുമ്പോൾ ഈ കോൺട്രിബ്യൂഷൻ തുകയും കൂടി ഇതിന്റെ ചെലവിൽ വകയിരുത്തിയതിനുശേഷം നമുക്ക് സാവധാനം ഈ കാര്യങ്ങളിലേയ്ക്ക് നീങ്ങാവുന്നതാണ്.

ശ്രീ. പി. പി. തങ്കച്ചൻ: അപ്പോൾ ഉദ്ഘാടനം മാറ്റിവയ്ക്കേണ്ടി വരുമല്ലോ?

ശ്രീ. കെ. എം. മാണി: ഈ കാര്യത്തിൽ എനിക്കും, ബഹുമാനപ്പെട്ട മെമ്പർക്കും മാനഹാനി വരുമെന്നുള്ളതുകൊണ്ട് എത്രയും വേഗം, അതിനുള്ള നടപടികളും സ്വീകരിക്കാം.

ശ്രീ. കെ. ഇ. ഇസ്മയിൽ: പാലക്കാട് ജില്ലയിൽ മുടങ്ങിക്കിടക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി മൈനർ ഇറിഗേഷൻ പാലക്കാട് ഡിവിഷന്റെ സബ് ഡിവിഷനായി ഷൊർണ്ണൂർ ഇലക്ട്രിക്കൽ വിങ്ങായി സെക്ഷൻ ഓഫീസ് തുറക്കാനുള്ള ഒരു നിർദ്ദേശം ഗവൺമെൻറിന്റെ മുമ്പിലുണ്ടായിരുന്നു. ആ പ്രവർത്തനം എന്നാണ് ആരംഭിക്കാൻ കഴിയുന്നത്? പാലക്കാട് ജില്ലയിൽ മുടങ്ങിക്കിടക്കുന്ന ഇത്തരം പ്രവർത്തനങ്ങളും അടിയന്തിരമായി ആരംഭിക്കുന്നതിനു സെക്ഷൻ ഓഫീസ് തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി ഉണ്ടാകുമോ?

ശ്രീ. കെ. എം. മാണി: അതിന്റെ നടപടി പൂർത്തിയായിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം.

ശ്രീ. കെ. ജെ. ജോർജ്ജ്: ചാലക്കുടി നിയോജകമണ്ഡലത്തിലുള്ള അന്യനാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഏതാണ്ട് ആറ് മാസമായി പ്രവൃത്തിയെല്ലാം ചെയ്തുതീർത്തിട്ട് പണം അടയ്ക്കാത്തതിന്റെ പേരിൽ വൈദ്യുതി കണക്ഷൻ കിട്ടാത്തതിന്റെ പേരിൽ അവിടെ പ്രവർത്തിക്കാൻ സാധിച്ചിട്ടില്ല. കൃഷിക്കാർക്ക് വിളയിറക്കാൻ പറ്റാത്ത ഒരു സാഹചര്യമാണ് ഇന്ന് അവിടെയുള്ളത്. അതുകൊണ്ട് ഉടനടി കണക്ഷൻ കൊടുക്കാനുള്ള സാഹചര്യം സൃഷ്ടിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. എം. മാണി: അതിനുള്ള സാഹചര്യം സൃഷ്ടിക്കാൻ വേണ്ടി അങ്ങേയറ്റം നടപടികളും സ്വീകരിക്കാം.

ശ്രീ. കെ. മൂസ്സക്കുട്ടി: ശുദ്ധജല വിതരണ പദ്ധതികളെല്ലാം തന്നെ സമയത്ത് കണക്ഷൻ കൊടുക്കാത്തതിന്റെപേരിൽ മുടങ്ങിക്കിടക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഈ കോൺട്രിബ്യൂഷൻ കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം ഇങ്ങനെ നിബന്ധന വച്ചാൽ ഇനി വെള്ളത്തിന്റെ പേരിലും കോൺട്രിബ്യൂഷൻ വാങ്ങേണ്ടിവരും. അത്തരം കാര്യങ്ങളെ സംബന്ധിച്ച് വല്ലതും ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. എം. മാണി: അങ്ങനെ ഒരു നയം വന്നാൽ ഇനി ആശുപത്രിക്ക് വെള്ളം കൊടുക്കണമെങ്കിൽ ഹെൽത്ത് ഡിപ്പാർട്ട്മെൻറിൽനിന്നും വാട്ടർ അതോറിറ്റിക്ക് ഇനി രൂപ തരണം. സ്കൂളിന് വെള്ളം കൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കണമെങ്കിൽ ഞങ്ങൾക്ക് രൂപ തരണം. മറ്റ് സ്ഥാപനങ്ങളിൽ വെള്ളം കൊടുക്കണമെങ്കിൽ ഞങ്ങൾക്ക് രൂപ തരണം. അങ്ങനെ ഒരു നയപരിവർത്തനം ഇനി വാട്ടർ അതോറിറ്റിയുടെ കാര്യത്തിലും കോൺസിക്വൻഷ്യലായി ഉണ്ടാകേണ്ടിവന്നിരിക്കുന്നുവെന്നുള്ളതാണ് ഞാൻ സഭയെ അറിയിക്കുകയാണ്.

ശ്രീ. ബേബി ജോൺ: അങ്ങനെ മൽസരിച്ച് മൽസരിച്ച് ജനങ്ങളെ നശിപ്പിക്കുമോ?

ശ്രീ. കെ. എം. മാണി: അതുകൊണ്ട് ജനങ്ങളെ നശിപ്പിക്കുന്നുവെന്ന് അർത്ഥമില്ല. പുതിയ ഒരു ക്രമീകരണമെന്ന് മാത്രമേയുള്ളൂ.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സാധാരണ നിലയ്ക്ക് ഈ ആഴ്ചതന്നെ ഇലക്ട്രിസിറ്റി വകുപ്പ് ശ്രീ. കെ. എം. മാണിയുടെ കൈയിൽവരും. അപ്പോഴെങ്കിലും ഈ കണക്ഷൻ കിട്ടാൻ ഉള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ഇങ്ങനെയുള്ള ഇൻസിനുവേഷനാണ് മറുപടി പായേരെന്നാണ് 'റൂൾസ് ഓഫ് പ്രൊസീഡുവറിൽ' പറഞ്ഞിരിക്കുന്നത്.

ശ്രീ. വി. കേശവൻ: ഈ മുടങ്ങിക്കിടക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് ഇവിടെ പറഞ്ഞു. വൈദ്യുതി കണക്ഷനുമെല്ലാമുള്ള എന്റെ നിയോജക മണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ശുദ്ധജലവിതരണത്തിനു വേണ്ടി ഒരു ട്യൂബ് വെൽ സ്ഥാപിച്ചു. അതിന്റെ ഉദ്ഘാടനമെല്ലാം കഴിഞ്ഞ് കുറച്ച് കഴിഞ്ഞപ്പോൾ അത് മുടങ്ങിക്കിടക്കുകയാണ്. ആ പഞ്ചായത്ത് വളരെ ശുദ്ധജലക്ഷാമമുള്ള ഒരു സ്ഥലമാണെന്ന് ഈ അസംബ്ലിയിൽതന്നെ ഞാൻ പല ആവർത്തി ഉന്നയിച്ചിട്ടുള്ളതാണ്. അതുകൊണ്ട് ആ മുടങ്ങിക്കിടക്കുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ മെയിന്റനൻസ് നടത്തി അടിയന്തിരമായി വെള്ളം കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: അത് പരിശോധിക്കാം.

ശ്രീ. ഇ. കെ. നായനാർ: ബഹുമാനപ്പെട്ട മന്ത്രി മാണിതന്നെ ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന കാലത്ത് കണക്ഷൻ കൊടുക്കാൻ മുടങ്ങിയ വല്ല പദ്ധതിയുമുണ്ടോ? അങ്ങനെയാണെങ്കിൽ എത്രയെണ്ണമുണ്ടായിരുന്നു?

ശ്രീ. കെ. എം. മാണി: ഏതെങ്കിലും ഒരു മന്ത്രിയുടേതായിട്ടുള്ള വ്യാഖ്യാനം സങ്കടകരമാണ്. ഇത് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളമുള്ള ഒരു നയപരിവർത്തനമാണ്. ആ നയവ്യതിയാനത്തിന്റെ ഫലമായുണ്ടായ ഒരു കോൺസിക്വൻഷ്യൽ അറേഞ്ച്മെന്റ് ഞാൻ പറഞ്ഞെന്നു മാത്രമേയുള്ളൂ.

ശ്രീ. രാഘവൻ പൊഴക്കടവിൽ: എന്റെ നിയോജകമണ്ഡലത്തിലെ നടത്തറ പഞ്ചായത്തിലെ അച്ചൻകുന്ന് ലിഫ്ട് ഇറിഗേഷൻ പദ്ധതി ഗിരിജൻ മേഖലയുമായി ബന്ധപ്പെടുന്നതാണ്. ഇതിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ഇതുവരെ നൽകിയിട്ടില്ല. ഈ സ്കീം ഉണ്ടാക്കിയിട്ട്

LIBRARY ARCHIVES Kerala Legislative Assembly

നാലര വർഷത്തോളമായി. അടിയന്തിരമായി അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകി ആ പണി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: അതിനെപ്പറ്റി പരിശോധിക്കാം.

ശ്രീ. ബേബിജോൺ: ഗവൺമെന്റിന്റെ നയവ്യതിയാനംകൊണ്ട് ലക്ഷക്കണക്കിന് രൂപ മുടക്കിയ ലിഫ്ട് ഇറിഗേഷൻ പദ്ധതികൾ പ്രവർത്തിക്കാതെ വരുന്ന സാഹചര്യം കണക്കിലെടുത്തുകൊണ്ട് ഇന്നത്തെ നയം മാറ്റുമോ? എനിക്ക് നേരത്തെയുള്ള മറുപടിയിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചത് ഈ സാമ്പത്തിക വർഷത്തിൽ ഇതിന് പണമില്ലെന്നാണ്. അതുകൊണ്ട് ഇന്നത്തെ നയം മാറ്റി ലക്ഷക്കണക്കിന് രൂപ മുടക്കി നമ്മൾ എടുത്തിട്ടുള്ള ഈ ലിഫ്ട് ഇറിഗേഷൻ പദ്ധതികൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: അത് പരിശോധിക്കാം. ഞാൻ പറഞ്ഞതിൽ അങ്ങനെ അർത്ഥമില്ല. പദ്ധതികൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. അതിനാവശ്യമായ പണം കണ്ടെത്തുമെന്നാണ് ഞാൻ പറഞ്ഞതിന്റെ സാരാംശം.

ശ്രീ. കെ. ടി. കണാരൻ: 1981-ൽ പണി തുടങ്ങി 1985-ൽ പൂർണ്ണമായും പണി തീർന്ന ഒരു പദ്ധതിയാണ് വാണിമേൽ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി. അത് ബഹുമാനപ്പെട്ട മന്ത്രി മാണിയുടെ മന്ത്രിപ്പണി അവസാനിക്കുന്നതിനുമുമ്പായി ഇലക്ട്രിസിറ്റി കണക്ഷൻ കൊടുത്ത് പ്രവർത്തിപ്പിച്ച് ഒരു ജലവിപ്ലവം ബഹുമാനപ്പെട്ട മന്ത്രി അവിടെവന്ന് നടത്താൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. മാണി: എന്റെ മന്ത്രിപ്പണിയും, ഇതുമായി ഒരു ബന്ധവുമില്ല. ഗവൺമെന്റ് കൺടിന്യൂവസ് ആണ്. ബഹുമാനപ്പെട്ട മെമ്പർ ഈ കസേരയിൽ വന്നാലും ഇത് നടക്കേണ്ടുന്ന ഒരു കാര്യമാണ്. ഇത് ശരിയാണോ ഇല്ലയോ ഇതിന് എന്ത് വേണം എന്നുള്ളതിനെപ്പറ്റി പരിശോധിക്കാം.

ശ്രീ. നാലകത്ത് സൂപ്പി: വൈദ്യുതി കണക്ഷൻ കിട്ടാത്തതുമൂലം ശുദ്ധജല വിതരണ പദ്ധതികൾ മുടങ്ങിക്കിടക്കുന്നുവെന്ന് പറഞ്ഞു. ശുദ്ധജല വിതരണ പദ്ധതികളുടെയും കുഴൽക്കിണറുകളുടെയും പണി പല ജലക്ഷാമമുള്ള സ്ഥലങ്ങളിലും പൂർത്തിയായിട്ടുണ്ട്. അവിടത്തെ ജനങ്ങൾ ഒന്നായി സഹകരിച്ചുകൊണ്ട് ഒരു പിരിവെടുത്ത് പണം കൊടുക്കുകയാണെങ്കിൽ, നാട്ടുകാർ ഒരു വെല്ലുവിളിയായി സ്വീകരിച്ചുകൊണ്ട് പണം കൊടുക്കാൻ തയ്യാറാവുകയാണെങ്കിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കണക്ഷൻ കൊടുക്കാൻ തയ്യാറാകുമോ? ഗവൺമെന്റു ഭാഗത്തുനിന്നും അതിന് സാങ്കേതികമായ വല്ല തടസ്സവുമുണ്ടോ?

ശ്രീ. കെ. എം. മാണി: കഴിയുമെങ്കിൽ നാട്ടുകാരെക്കൊണ്ട് കോൺട്രിബ്യൂഷൻ എടുപ്പിക്കാതെ ചെയ്യണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യം.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (527) കാണുക

പദ്ധതിയുടെ പേര്	പൂർത്തീകരിച്ച തീയതി.
(1)	(2)
1. ആർ.ഡബ്ല്യു.എസ്.എസ്. മണംപൂർ ഹരിജൻ കോളനി	5/1986
2. ആർ.ഡബ്ല്യു.എസ്.എസ്.II അരുവിക്കര ഹരിജൻ കോളനി	9/1986
3. ആർ.ഡബ്ല്യു.എസ്.എസ്.ജാങ്പുരി ഹരിജൻ കോളനി	11/1986
4. ആർ.ഡബ്ല്യു.എസ്. എസ്.II എരുമല	5/1986
5. ആർ.ഡബ്ലിയു. എസ്.റ്റു. ആനാട്	11/1986
6. 504 ഹരിജൻ കോളനി	2/1986
7. അതിരംപുഴ ഹരിജൻ കോളനി	6/1986
8. കൊടുമുടി ഹരിജൻ കോളനി	5/1986
9. പാണ്ടി ഹരിജൻ കോളനി	10/1986
10. ഞാറയ്ക്കൽ ഹരിജൻ കോളനി	1/1986
11. തരൂർ	10/1985
12. മുള്ളരിക്കുടി	1985
13. കൽകുഞ്ഞൽ	1985
14. ചുരുളിപതാൽ	1985
15. കടംപോട് ഹരിജൻ കോളനി	10/1986
16. മുച്ചിയം	8/1986
17. മാത്രവെടിക്കുന്ന്	8/1986
18. വരാക്കുര	8/1986
19. അക്സ്നൂർ	9/1986
20. കക്കൂർപൂവരകോളനി	5/1986
21. ചോളമ്പ പണിയ കോളനി	5/1986
22. നൻമുണ്ട	8/1982
23. ബാലുശ്ശേരി	2/1986
24. മണികൃരാക്കുന്നും എടക്കായലും	2/1986
25. ഭൂമിവാതുക്കൽ	12/1985
26. ചോമ്പൻ കുപ്പംകുന്ന്	11/1985
27. മലക്കുന്ന്	7/1981
28. വിക്കർപെറിയമല ഹരിജൻ കോളനി	12/1985
29. കക്കൂർ	10/1985
30. കെ.റി.സി. എസ്റ്റേറ്റ് സമീപം	2/1980
31. തെരുപറമ്പ് ഹരിജൻ കോളനി	2/1986
32. പെന്മകാട്ടുകാവ്	6/1985
33. കൽപ്പാറ	2/1984
34. കാവുമന്ദം	4/1986
35. പുൽപ്പാറ	6/1985
36. വാമനക്കോട്	6/1986
37. കൽപ്പകഞ്ചേരി	
38. വെട്ടം	
39. മംഗലത്തെഴുതല	3/1986

LIBRARY ARCHIVES Kerala Legislative Assembly

	(1)	(2)
40.	നടുപ്പതി	3/1986
41.	വെള്ളിയാട്ട്	9/1985
42.	കാപ്പൂർ	9/1986
43.	കൂടല്ലപ്പാടം എൽ.ഐ. പദ്ധതി	10/1986
44.	അന്നനാട് ,, ,,	10/1986
45.	പഞ്ചിപുരത്താഴം ,,	7/1986
46.	അറക്കാമല ,, ,,	8/1986
47.	കണ്ണകൂർ ,, ,,	വിവരം ശേഖരിച്ചുവരുന്നു
48.	കൂടൽ	7/1986
49.	പാവന്നൂർ ,, ,,	വിവരം ശേഖരിച്ചുവരുന്നു
50.	കള്ളക്കുടം ,, ,,	,, ,,

അനുബന്ധം – II

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (534) കാണുക

1. നഗര ശുദ്ധജല വിതരണ പദ്ധതികൾ:

1. നെടുമങ്ങാട്
2. പത്തനംതിട്ട
3. തൃപ്പൂണിത്തുറ
4. ചാവക്കാട്
5. കോഴിക്കോട് ഇൻറഗ്രേറ്റഡ് അഗ്ലോമറേഷൻ
6. മഞ്ചേരി
7. പൊന്നാനി

2. ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ:

1. മലമാട്
2. വെച്ചൂച്ചിറ
3. ശ്രീമൂലനഗരം-കാഞ്ഞൂർ
4. ഐയംപുഴ
5. ഉപ്പുത്തുറ
6. കടങ്ങല്ലൂർ
7. കോട്ടപ്പടി
8. മുന്നാർ
9. കാഞ്ഞങ്ങാട്
10. കാവിലുംപാറ
11. അടക്കാത്തോട്
12. മൂപ്പനാട്
13. വലിയപാറ
14. നെൻമേനി
15. പെരുവമ്പ
16. കരിമ്പ
17 അങ്ങാടിപ്പുറം

LIBRARY ARCHIVES Kerala Legislative Assembly